## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2600** **14.12.2015 ലെ മറുപടിക്ക്**

## സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സർക്കാർ മേഖലയിൽ ഏതൊക്കെ മെഡിക്കൽ കോളേജുകൾ ആരംഭിച്ചെന്നും അവയ്ക്കായി എന്തൊക്കെ പശ്ചാത്തല സൗകര്യങ്ങൾ പുതുതായി ഒരുക്കിയെന്നും അതിന് ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി കോളേജുകൾക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

(ബി) നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജുകളിലും പുതിയവയിലും ശരാശരി ഓരോ വർഷവും എത്ര രോഗികൾ ചികിത്സ തേടുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജുകളിൽ ശരാശരി 13,92,851 പേർ ഒ.പി. വിഭാഗത്തിലും 1,39,490 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നുണ്ട്. പുതിയ മെഡിക്കൽ കോളേജുകളിൽ ഒ.പി. വിഭാഗത്തിൽ 80,185 പേരും ഐ.പി. വിഭാഗത്തിൽ 4665 പേരും ചികിത്സ തേടിയെത്തുന്നുണ്ട്.

(സി) ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ സ്റ്റാഫ് പാറ്റേണും പാരാ മെഡിക്കൽ സ്റ്റാഫ് പാറ്റേണും അറിയിക്കുമോ; രോഗികളുടെ എണ്ണത്തിനനുസരിച്ച് കാലാകാലങ്ങളിൽ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തുന്നുണ്ടോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അഡ്മിഷൻ നടത്തുന്ന സീറ്റുകൾക്കനുസൃതമായാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. 50 എം.ബി.ബി.എസ്. സീറ്റുകൾക്കാവശ്യമായ സ്റ്റാഫിന്റെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. രോഗികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് പാറ്റേണിന് മാറ്റം വരുത്തുന്നില്ല.

(ഡി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോ മെഡിക്കൽ കോളേജിലും വേണ്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണവും നിലവിലെ സ്ഥിതിയും അറിയിക്കുമോ; ചികിത്സ തേടുന്നവരുടെ എണ്ണത്തിനനുസരിച്ച് എത്ര ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമാണ് വേണ്ടതെന്ന് അറിയിക്കുമോ;

(ഡി) നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അനുവദിച്ചിട്ടുള്ള തസ്തികകൾ | നിലവിലുള്ളത് | ഒഴിവുള്ളത് |
|---|---|---|
| 1246 | 1177 | 69 |

ചികിത്സ തേടുന്നവരുടെ എണ്ണത്തിനാനുപാതികമായി വേണ്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം കണക്കാക്കിയിട്ടില്ല.

| | |
|---|---|
| (ഇ) രോഗികളുടെ എണ്ണത്തിനനുസൃതമായി ഡോക്ടർമാരില്ലാത്ത നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നും പുതിയ മെഡിക്കൽ കോളേജുകളിലേയ്ക്ക് ഡോക്ടർമാരെ കൂട്ടത്തോടെ സ്ഥലം മാറ്റിക്കൊണ്ടിരിക്കുന്നുമൂലം രോഗികൾ നട്ടം തിരിയുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ